കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ ഗ്രാമപഞ്ചായത്ത്

2016-2017

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ് .എ.ടി.എസ് ആർ(പി.1)1725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ –680 020
ഫോൺ: 0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയതി: 30.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ് .എ.ടി.എസ് ആർ(പി.1)1725/2017 തിയ്യതി: 30.11.2017

## തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 25.11.2016 മുതൽ 15.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് . സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-10-2017 മുതൽ 25-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റഫിജോൺ (ഓഡിറ്റ് ഓഫീസർ,) |
| | ശ്രീമതി.വിജയശ്രീ.പി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സുനിൽകുമാർ.കെ.സി. സിനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.സി.ബിജു | 1-4-2016 മുതൽ<br>31-3-2017 വരെ |
| സെക്രട്ടറി | ഇ.ജെ.ഫോർബി | 1.4.2016 മുതൽ<br>31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | സന്തോഷ് കുമാർ.എം.ജി. | 1.04.16മുതൽ<br>31.03.17 വരെ |
| കൃഷിഓഫീസർ | സോഫിയ.എ.ജോൺ. | 1.04.16മുതൽ<br>31.03.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രുതി.എൻ.സുബ്രഹ്മണ്യൻ | 1.04.16 മുതൽ<br>1-11.16വരെ |
| | രശ്മി.പി. | 2-11-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലവീന | 1.04.16 മുതൽ<br>31.03.17വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.രജിത.ടി. | 1.04.16മുതൽ<br>25.8.2016വരെ |
| | നിമ്മി.എം.എ | 26-8-2016മുതൽ<br>31.3.2017വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | രജിത.കെ.ആർ | 1.04.16മുതൽ<br>31.03.17വരെ |
| വെറ്ററിനറി സർജൻ | ഡോ.കിരൺമേനോൻ | 1.04.16മുതൽ<br>31.03.17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിഷ.സി. | 1.04.16മുതൽ<br>31.03.17വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലളിത.കെ.കെ | 1.04.16മുതൽ<br>20.7.2016വരെ |
| | സിനി.എൻ.കെ | 21.7.2016മുതൽ<br>31.03.17വരെ |
| വി.ഇ.ഒ, പടിയൂർ സർക്കിൾ | അമൽരാജ് | 1.4.2016മുതൽ<br>31.03.17 വരെ |
| വി.ഇ.ഒ, എടത്തിരിഞ്ഞി സർക്കിൾ | ജാസ്മിൻ.സി.എ. | 1.4.2016 മുതൽ<br>31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | മത്സ്യലേലം-അപാകതകൾ | 2-1 |
| 13 | ഡി & ഒ ലൈസൻസ് | 2-2 |
| 14 | കെട്ടിടനിർമ്മാണ പെർമിറ്റ്-വസ്തുനികുതി | 2-3 |
| | ഭാഗം -3 | |
| 16 | ഇൻഫോർമേഷൻ കിയോസ്ക് വാങ്ങി ഒരുവർഷത്തിനുശേഷവും സ്ഥാപിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-1 |
| 17 | വിനിയോഗസാക്ഷ്യപത്രം, രശീതി എന്നിവയുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു. | 3-2 |

| | | |
|---|---|---|
| 18 | തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ - പദ്ധതിനടപ്പാക്കിയതിലെ അപാകതകൾ | 3-3 |
| 19 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 20 | തെരുവുനായ്ക്കളുടെ സമഗ്ര പ്രജനന നിയന്ത്രണ പരിപാടി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-5 |
| 21 | പൊതുടാപ്പ്-സംയുക്ത പരിശോധന | 3-6 |
| 22 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ | 3-7 |
| 23 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-8 |
| 24 | സമഗ്ര ആരോഗ്യ പരിപാലന പദ്ധതി-മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-9 |
| 25 | ഷീപ്പാഡ് പദ്ധതി - പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-10 |
| 26 | ശാരീരികമാനസീക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം-മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-11 |
| 27 | പഞ്ചായത്തിന് വിട്ടുകിട്ടുന്ന ആസ്തികൾ പരാതിക്കിടയില്ലാത്തവിധം ഏറ്റെടുത്ത് സംരക്ഷിക്കുന്നില്ല | 3-12 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| ഭാഗം -4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 25.07.16 തിയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് -109040599/-

പ്രതീക്ഷിത ചെലവ് -106605000/-

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 27-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

i)മത്സ്യലേലംകളക്ഷൻ,ബാലൻസ് തുകകളിൽ വ്യത്യാസം

തൻവർഷത്തെ കളക്ഷൻതുക വാർഷികകണക്കുകൾ പ്രകാരം Receipt&payment Schedule പ്രകാരം)=514476/-

ലേലരജിസ്റ്റർ പ്രകാരം=514150/-
31.3.2017 ൽ തൻവർഷത്തെ കുടിശ്ശികതുക വാർഷികകണക്കുകൾ പ്രകാരം=174/-

ലേലരജിസ്റ്റർ പ്രകാരം=500/-

ii)ഡെപ്പോസിറ്റ് വരവ്തുകകളിൽ വ്യത്യാസം

Bidders EMD-വാർഷികകണക്കുകൾ പ്രകാരം വരവ് = 5280/-

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വരവ്=12280/-

iii)ഡെപ്പോസിറ്റ് ബാലൻസ് തുകകളിൽ വ്യത്യാസം

| ഇനം | 31.3.2017 ലെ ബാലൻസ് തുക | |
|---|---|---|
| | വാർഷികകണക്കുകൾ പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
| Contractors EMD | 23196 | 25196 |
| Bidders EMD | 13680 | 11680 |

iv)വസ്തു നികുതി-ഡി.സി.ബി കണക്കുകളിൽ വ്യത്യാസം

പരിശോധനക്കായി ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റ്-ബാലൻസ് തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

| | വാർഷികകണക്കുകൾ പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| അരിയർ ഡിമാന്റ് | 927316 | 1195991 |
| കറണ്ട്ബാലൻസ് | 891787 | 591819 |
| അരിയർ ബാലൻസ് | 307889.80 | 320346 |

(v)RP-12 Administrative Expenses,ഷെഡ്യൂൾ പ്രകാരം Other items ഇനത്തിൽ (-)317807/- രൂപ ചെലവുകാണുന്നു.

(vi)Balance Sheet B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് ഇൻ ഹാന്റ് തെറ്റായി മൈനസ് തുക കാണിച്ചിരിക്കുന്നു.

(vii)നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

മറ്റ് പരാമർശങ്ങൾ

(I)Balance sheet schedule:B-18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 10,85,000/-രൂപ ഡെപ്പോസിറ്റ് ഉണ്ട്.ആയത് 31.3.2012 മുതൽ ഡെപ്പോസിറ്റ് ആയി തുടരുന്നു.മേൽ പറഞ്ഞ തുക ഏത് പ്രവൃത്തിയ്ക്കായി KWA യ്ക്ക് കൈമാറി,നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം എന്നീ വിവരങ്ങൾ ലഭ്യമായിട്ടില്ല

(II)Balance sheet schedule:B-18 പ്രകാരം Advance to others ഇനത്തിൽ 500/- രൂപയുണ്ട്.അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇത് വൗച്ചർ നം 50/17.2.2010 പ്രകാരം പി.എ

സുരേഷ്ബാബു,സെക്രട്ടറിക്ക് നൽകിയ മുൻകൂർ യാത്രാബത്തയാണ്.ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെൻ്റീച്ചർ പത്രിക, രസീറ്റ്&പേയ്മെൻ്റ് പത്രിക ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4378110 |
| വരവ് | 33170001 |
| ആകെ | 37548111 |
| ചെലവ് | 33049229 |
| നീക്കിയിരിപ്പ് | 4498882 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 950000 | 8271200 | 9221200 | 8091461 | 1129739 | 88 |
| വികസനഫണ്ട് എസ്.സി.പി. | 1870850 | 4432989 | 6303839 | 3737233 | 2566606 | 59 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3094335 | 3094335 | 336192 | 2758143 | 11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 931540 | 2554755 | 3486295 | 1182649 | 2303646 | 34 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 99127 | 4638759 | 4737886 | 2217050 | 2520836 | 47 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 127 | 38302196 | 70 | 21185361 | 35 | 22 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 84.39 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 1412026 | 2273792 | 861766 | 61 |
| നികുതിയേതര വരവുകൾ | 741572 | 719510 | 22062 | -2.97 |
| മറ്റുവരവുകൾ | 0 | 933728 | 933728 | 0 |
| ആകെ | 215358 | 3927030 | 1817556 | 84.39 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50040 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 5492500 | 36 |
| വിധവാപെൻഷൻ | 7496550 | 625 |
| വാർദ്ധക്യകാലപെൻഷൻ | 11237640 | 1201 |
| വികലാംഗപെൻഷൻ | 2147150 | 209 |
| അവിവാഹിത പെൻഷൻ | 491800 | 45 |
| വിവാഹധനസഹായം | 60000 | 2 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2017ന് 3.00 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28341/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ പരിപാലനം

i)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ii).ഡി&ഒ ഫീസിനത്തിൽ കുറവ് ഈടാക്കിയ 800 രൂപ, ഓഡിറ്റ് എൻക്വയറി (6/7-12-16) നൽകിയതിന്റെ അടിസ്ഥാനത്തിൽ, രശീതി നം 11605102455/8-12-16 പ്രകാരം അടവാക്കി

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2017<br>13.10.2017 | ആഗസ്റ്റ് 2017<br>സെപ്റ്റംബർ 2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-7-10 മുതൽ 31-7-10 വരെ | 2004-2005 മുതൽ 2009-2010 വരെ | 13-9-2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മത്സ്യലേലം-അപാകതകൾ

i)മത്സ്യലേലം ഇനത്തിൽ 31.3.2017ന് 1,48,598/- രൂപ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിനിൽക്കുന്നുണ്ട്. ആയതു സംബന്ധിച്ച് കോടതി കേസുകൾ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | കുടിശ്ശിക | വിശദാംശങ്ങൾ | കേസ് നം. |
|---|---|---|---|
| പൂക്കോട്ടുപുഴ | 85199 | 15-16 ലെ കുടിശ്ശിക. ആകെ ലേലത്തുക261999/- | OS3081/16 |
| ചുള്ളിപ്പാലം | 12300 | 14-15 ലെ കുടിശ്ശിക. ആകെ ലേലത്തുക18500/- | OS-4781/15 |
| മുഞ്ഞനാട് | 34999 | 15-16 ലെ കുടിശ്ശിക. ആകെ ലേലത്തുക55999/- | OS-3100/16 |

| | | | |
|---|---|---|---|
| കുത്തുമാക്കൽ | 15600 | 14-15 ലെ കുടിശ്ശിക. ആകെ ലേലത്തുക37000/- | OS-4783/15 |
| കൊച്ചുതോട് | 500 | 17-18ൽ ലഭിച്ചു | |

ii)ലേല രജിസ്റ്റർ പ്രകാരം പൂക്കോട്ടുപുഴ മത്സ്യലേലത്തിന്റെ കുടിശ്ശിക 85199/- രൂപയും ആയതിന്റെ പലിശയുമാണ്. എന്നാൽ OS3081/16-ാം നമ്പർ അന്യായത്തിൽ 1,74,666/-രൂപയും പലിശയുമടക്കം 209466/- രൂപ ലഭിക്കാനുണ്ടെന്നും ആയതിന് 19367/- രൂപ കോർട്ട് ഫീ അടക്കണമെന്നും രേഖപ്പെടുത്തിക്കാണുന്നു. ഇപ്രകാരം കുടിശ്ശിക തുകയിൽ വ്യത്യാസത്തിനു കാരണം ലഭ്യമാക്കേണ്ടതാണ്.

iii) കുത്തുമാക്കൽ മത്സ്യലേലത്തിൽ ഓഡിറ്റ് വർഷം ആരും തന്നെ ലേലം കൈക്കൊണ്ടിട്ടില്ല. 2014-15 ൽ 37,000/-രൂപയ്ക്കും 2015-16 വർഷം 16,500/- രൂപയ്ക്കുമാണ് ലേലം ഏറ്റെടുത്തിട്ടുള്ളത്. ഓഡിറ്റ് വർഷം ടി കുളത്തിലെ മത്സ്യസമ്പത്ത് എപ്രകാരം കൈകാര്യം ചെയ്തു എന്നതുസംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/21.10.17 ന് ലഭിച്ച മറുപടിയിൽ മത്സ്യസമ്പത്ത് തീരെ കുറവായതിനാൽ മത്സ്യം പിടിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇപ്രകാരം സംഭവിക്കാനുള്ള കാരണം പരിശോധിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും പഞ്ചായത്തിന്റെ വരുമാനം ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് -

2016-17ൽ ഡി & ഒ ലൈസൻസ് പുതുക്കിയിട്ടുള്ള ശ്രീലക്ഷ്മി ഡൈസ്& മോൾഡ്സ്-രവീന്ദ്രൻ.ഇ.കെ-13HP (E-4963/16) എന്ന സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രമില്ല. ആയത് ലഭ്യമാക്കേണ്ടതാണ്

## 2-3 കെട്ടിടനിർമ്മാണ പെർമിറ്റ്-വസ്തുനികുതി

i)UA നമ്പർ അനുവദിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

എ)കെട്ടിടനം.V/1/UA,ബിന്ദു സജീവൻ, നികുതി =3846/-

ബി) കെട്ടിടനം.II/1/Uaപ്രകാശൻ പുത്തൻവീട്ടിൽ .

ii)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വിമുക്തഭടന്മാരുടെ വസ്തു നികുതിയിനത്തിൽ 11998/-രൂപയാണ് ഓഡിറ്റ് വർഷം ഇളവുനൽകിയിട്ടുള്ളത്. എന്നാൽ വിമുക്തഭടന്മാരുടെ വസ്തുനികുതി പ്രത്യേകമായി രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം 10901/-രൂപ മാത്രമാണ് തൻവർഷം ഇളവ് നൽകിയിട്ടുള്ളത്. വസ്തുനികുതി ഡിസിബി കണക്കുകളിൽ ഈയിനത്തിൽ കൂടുതലായി 1097/-രൂപ ഡിമാന്റിൽ നിന്നും കുറവ് ചെയ്യപ്പെട്ടിട്ടുണ്ട്.

iii)ധനഫാം എന്ന പേരിലുള്ള സ്ഥാപനത്തിന്റെ 1 മുതൽ 14 വരെയുള്ള കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലിലെ ഇ-2517/16/28.4.16 നമ്പർ കത്തു പ്രകാരം (സെക്രട്ടറി അസി.എഞ്ചിനീയർക്കു നൽകിയത്) 13-ാം വാർഡിൽ ഇ.എസ്.മുഹമ്മദാലി, എള്ളുംപറമ്പിൽ

ഹൗസ്, കുളിമുട്ടം, മതിലകം എന്നയാളുടെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടങ്ങളിൽ അനധികൃതമായി ഫാമുകൾ, ഹോട്ടലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. യു.എ നമ്പർ നൽകിയ അനധികൃത കെട്ടിടങ്ങൾ വ്യാപാരാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതല്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കപ്പെടുന്നതിനുമുൻപ് അനധികൃതമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ ആയത് തടയേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇൻഫോർമേഷൻ കിയോസ്ക് വാങ്ങി ഒരുവർഷത്തിനുശേഷവും സ്ഥാപിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു.

ട്രഷറി ബിൽ നം. 9/16-17 തീയതി 24.10.16

2,60,200 രൂപ അടങ്കൽ തുകയായും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായും നടപ്പാക്കിയ '*ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടർവത്കരണം*' (so 006/17) എന്ന പ്രൊജക്ടിൽ 1,16,490 രൂപ ചെലവഴിച്ച് Informaion Kiosk വാങ്ങിയിട്ടുണ്ട്. *A Dot Computers, Thrissur* എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.TCB 240/05.05.2016 പ്രകാരം വാങ്ങിയ Informaion Kiosk വാങ്ങിയതിനുശേഷം ഒരു വർഷം കഴിഞ്ഞിട്ടും സ്ഥാപിക്കാനായിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) പഞ്ചായത്തിലെ നിലവിലെ വയറിങ്ങ് സംവിധാനം പഴയതും അധികം ഇലക്ട്രിക് ലോഡ് നൽകാൻ പറ്റാത്തതും ആയതിനാൽ 2017-18 വർഷത്തെ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ എന്ന പ്രൊജക്ടിൽ വയറിങ്ങ് സംവിധാനം ശക്തിപ്പെടുത്തി കിയോസ്ക് സ്ഥാപിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഒരു വർഷം ഒരു ഉപകരണം വാങ്ങുകയും അടുത്തവർഷം അത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്യുകയെന്നത് ശരിയായ നടപടിയല്ല. A Dot Computers സമർപ്പിച്ച ക്വട്ടേഷനിലും തുടർന്ന് ഒപ്പുവച്ച കരാറിലും 3 വർഷത്തെ വാറന്റി പറയുന്നുണ്ട്. എന്നാൽ പ്രസ്തുത കിയോസ്ക് സ്ഥാപിക്കാൻ വൈകിയതിലൂടെ ഒരു വർഷത്തെ വാറന്റി നഷ്ടപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകുന്ന, നൽകേണ്ട സേവനങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ അനുഭവവേദ്യമാക്കാൻ സഹായകമായ ഇത്തരം വിഷയങ്ങളിൽ പഞ്ചായത്ത് അധികൃതർ സ്വീകരിക്കുന്ന അലംഭാവപൂർണ്ണമായ സമീപനം ഒരുതരത്തിലും ജനോപകാരപ്രദമല്ല.

അനന്തര നടപടികൾ ഉറപ്പുവരുത്തുന്നതിലേക്കായി ₹1,16,490 തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗസാക്ഷ്യപത്രം, രശീതി എന്നിവയുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽവെക്കുന്നു:-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 25,44,009 രൂപ തടസ്സത്തിൽവെക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| ക്രമ നം. | പദ്ധതിയുടെ പേര് | തുക സ്വീകരിച്ച നിർവ്വഹണ ഏജൻസി | ട്രഷറി ബിൽ നം. |
|---|---|---|---|
| 1 | കമ്പ്യൂട്ടർ മെയിന്റനൻസ് (so 055/17) | AMC പുതുക്കുന്നതിന് KELTRON-ന് തുക നൽകി. രശീതി ലഭിച്ചില്ല. Rs.73,984 | 27/16-17 തീ. 27.03.17 |
| 2 | വിവിധറോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (so 141/17) | KSEB ക്ക് തുക നൽകി. Rs.1,30,800. രശീതി ലഭിച്ചില്ല. പ്രവർത്തി പൂർത്തീകരിക്കുന്നമുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 25/16-17 തീ. 18.03.17 |
| 3 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (so 133/17) | KSEB ക്ക് തുക നൽകി. Rs.12,99,982. രശീതി ലഭിച്ചില്ല. പ്രവർത്തി പൂർത്തീകരിക്കുന്നമുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 24/16-17 തീ. 20.03.17 |
| 4 | IKM-ന് വിഹിതം നൽകല് (so 058/17) | രശീതി ലഭിച്ചില്ല.₹73,243 | 15/16-17 തീ. 23.12.16 |
| 5 | കുത്തുമാക്കൽ ഷട്ടർ തടയണ നിർമ്മാണം (so 152/17) | ഇറിഗേഷൻ വകുപ്പിന് തുക നൽകിയിട്ടുണ്ട്. Rs.3,06,000. രശീതി ലഭിച്ചില്ല. പ്രവർത്തി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | i)33/16-17 തീ.30.03.17 ii)34/16-17 തീ. 30.03.17 |
| 6 | പകൽവീട്-ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ (so 145/17) | രശീതി ലഭിച്ചില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.₹2,60,000 | 26/16-17 തീ. 20.03.17 |
| 7 | സർവ്വശിക്ഷാ അഭിയാൻ | SSA ക്ക് 4 ലക്ഷം രൂപ നൽകി. ഓഡിറ്റ് വർഷത്തെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 11/16-17 തീ.31.10.16 |

## **3-3** തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ട്രഷറി ബിൽ നം. 23/16-17 തീ.31.03.17 ₹84,805

ട്രഷറി ബിൽ നം.29/16-17 തീ.20.03.17 ₹66,874

അടങ്കൽ തുക 1,51,822 രൂപയുള്ളതും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയതുമായ *'തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ'* പദ്ധതിയിലെ സാമഗ്രികൾ വാങ്ങുന്നതിനായി ടെണ്ടർ നോട്ടീസ് നം.സി-2/2016 തീ.29.09.16 പ്രകാരം ടെണ്ടറുകൾ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച ABC Marketing,Thazhekad എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.10.16-ലെ 1(ii)നം.തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)29.09.16-ലെ ടെണ്ടർ പരസ്യത്തിൽ വിതരണം ചെയ്യേണ്ടത് 40w ട്യൂബാണെന്ന് പറയുന്നുണ്ടെങ്കിലും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതുമായ ABC Marketing, Thazhekkad എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ 36w-ന്റെ വിലയാണ് നൽകിയിട്ടുള്ളത്.

2)18.03.17-ലെ supply orderനം.സി-4044/16 പ്രകാരം 40w-ന്റെ 90 എണ്ണം ട്യൂബുകൾ വിതരണം ചെയ്യാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടെങ്കിലും ഇൻവോയ്സ് നം.B-343/23.03.17 പ്രകാരം വിതരണം ചെയ്തത് 36w-ന്റെ തന്നെയാണ്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.168-ൽ 40w ട്യൂബുകൾ ലഭിച്ചതായി കാണിച്ചിരിക്കുന്നു.

3)ടെണ്ടർ പരസ്യത്തിൽ wire-ന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സമർപ്പിക്കപ്പെട്ട രണ്ട് ടെണ്ടറുകളിലും വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള wire-ന്റെ വിലയാണ് സ്ഥാപനങ്ങൾ നൽകിയത്.(ABC Aluminium 1.5sq.mm-single core, Electromet Trading co., Alwaye 2.5sq.mm 2core) എന്നിരുന്നാലും ABC Marketing-ന്റെ നിരക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12)മറുപടി നൽകിയില്ല. ഈ സാഹചര്യത്തിൽ ചെലവുതുക ₹1,51,679 തടസ്സപ്പെടുത്തുന്നു.

# 3-4 അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

(I)SC കൾച്ചറൽ സെന്ററിൽ ലൈബ്രറി,S0094/17

അടങ്കൽ-വികസനഫണ്ട്( എസ്.സി.പി)-50,000/-

പഞ്ചായത്തിലെ രണ്ട് എസ്.സി കൾച്ചറൽ സെന്ററുകളിലെ ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്ന പദ്ധതിയാണിത്. ട്രഷറി ബിൽ നം 23/31.3.2017 പ്രകാരം 50,000/-രൂപ പിൻവലിച്ച് മാതൃഭൂമി ബുക്സിന് നൽകി. മാതൃഭൂമി ബുക്സിൽ നിന്നും ഇൻവോയ്സ് നം 132/23.3.17 പ്രകാരം ലഭിച്ച പുസ്തകങ്ങൾ പഞ്ചായത്ത് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കയാണെന്നും എസ്.സി കൾച്ചറൽ സെന്ററുകളിലേക്ക് കൈമാറിയിട്ടില്ലെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ലഭിച്ച വിവരം .

പുസ്തകങ്ങൾ എത്രയും വേഗം പദ്ധതിയിൽ വിഭാവനം ചെയ്തപ്രകാരം എസ്.സി കൾച്ചറൽ സെന്ററുകളിലെ ലൈബ്രറികളിലേക്ക് കൈമാറേണ്ടതാണ്. വിതരണ വിവരവും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(II)താഴെ പറയും പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകകളുടെ കൈപ്പറ്റ് രശീതി, വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റിന്റെ പേര് | പ്രൊജക്റ്റ് നം | ട്രഷറി ബിൽ നം./തിയതി | തുക |
|---|---|---|---|
| IAY പഞ്ചായത്ത് ഷെയർ (എസ്.സി) (15-16) | SO137/ 17 | 12/28.2.17 | 52,500/- |
| PMAY പഞ്ചായത്ത് ഷെയർ (എസ്.സി) (16-17) | S0069/17 | 13/28.2.17 | 450000 |

തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(III)വികസനഫണ്ട് (ടി.എസ്.പി) ഫണ്ട് ചെലവഴിക്കാത്തതിനാൽ റീഫണ്ട് ചെയ്യുന്നു എന്നു കാണിച്ച് ട്രഷറി ബിൽ നം 19/31.3.17പ്രകാരം 10086/- രൂപ പിൻവലിച്ചതായി ട്രഷറി ബിൽബുക്കിൽ കാണുന്നുണ്ട്. റീഫണ്ട് ചെയ്തതിന്റെ ട്രഷറി ചലാൻ/തത്തുല്യമായ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
രേഖകൾ ലഭ്യമാക്കുന്നതുവരെ 5,02,500/- + 10,086/- = 5,12,586/-രൂപ തടസ്സപ്പെടുത്തുന്നു

## 3-5 തെരുവുനായ്ക്കളുടെ സമഗ്ര പ്രജനന നിയന്ത്രണ പരിപാടി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പദ്ധതി നം S0 66/2017

അടങ്കൽ 75000

ചെലവ് 75000(ബിൽ നം 4/7-3-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ, പടിയൂർ ഗ്രാമപഞ്ചായത്ത്.

2016-17 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കളുടെ സമഗ്ര പ്രജനന നിയന്ത്രണ പരിപാടി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് 75000/- രൂപ കൈമാറിയിട്ടുണ്ട്. 8.5.2017 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുക കൈപറ്റിയതിന്റെ രശീത് ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 പൊതുടാപ്പ്-സംയുക്ത പരിശോധന

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ 12/2016ലെ A5 2633/2006 dt. 10/2/2017ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 266 പൊതുടാപ്പുകളാണ് ഉള്ളത്. 15500 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. കുടിശ്ശിക 36,28,728 രൂപയും പിഴയായി 61,537 രൂപയും കാണിച്ചിട്ടുണ്ട്. സംയുക്ത പരിശോധന സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി നല്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുമായി 13.9.2011-ൽ സംയുക്ത പരിശോധന നടത്തുകയും പരിശോധന റിപ്പോർട്ട് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട്, പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ സോഴ്സിൽ നിന്നും കുറവുചെയ്ത തുകകളും പഞ്ചായത്ത് നേരിട്ട് നടത്തിയ അടവുകളും കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഇരിങ്ങാലക്കുട കൃത്യമായി വരവുവെയ്ക്കാത്തതുമൂലവും വാട്ടർ അതോറിറ്റി നല്കുന്ന ബില്ലുകളിൽ കുടിശ്ശിക ഇനത്തിൽ തുക ഉൾപ്പെട്ടുവരുന്നുണ്ട്. ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയ്ക്ക് ഓഫീസിൽ നിന്നും 09.09.2016 തിയ്യതിയിലും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുഖേന വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടർക്ക് 14.12.2016 തിയ്യതിയിലും കത്ത് നല്കിയിട്ടുള്ളതുമാണ്.

ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത ഉറപ്പുവരുത്തുന്നതിനും കുടിശ്ശികയും മറ്റും തീരുമാനമാക്കുവാനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്ട് നമ്പർ S0 48/2017

അടങ്കൽ 150000

ചെലവ് 100000

ബിൽ നമ്പർ 1/ തിയ്യതി 25.1.2013

2016-17 സാമ്പത്തിക വർഷത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് 100000 രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-8 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പടിയൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 20 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 18 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിലും 2 അംഗൻവാടികൾ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

വൈദ്യുതീകരിച്ച 18 അഗൻവാടികളും വാട്ടർകണക്ഷൽ ഉള്ള10 അംഗൻവാടികളുമാണുള്ളത്. ടോയലറ്റുള്ള 19 അംഗൻവാടികൾ ഉണ്ട്. 15 അംഗൻവാടികൾക്ക് ചുറ്റുമതിലുണ്ട്.20 അംഗൻവാടികൾക്കും LPG കണക്ഷൻ ലഭ്യമായിട്ടുണ്ട്.

ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-9 സമഗ്ര ആരോഗ്യ പരിപാലന പദ്ധതി-മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി നം. SO46/2017

അടങ്കൽ 50000

ചെലവ് 50000(ചെക്ക് നം 17443333/25.2.2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ,പടിയൂർ

2016-17 ൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ സമഗ്ര ആരോഗ്യപദ്ധതിയിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് യഥാക്രമം 30000, 20000 രൂപ 27.2.2017 ൽ നല്കിയിരുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ proforma invoice പ്രകാരം 21151 രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും ബാക്കി 28849 രൂപയുള്ള മരുന്ന്/ഉപകരണങ്ങൾ കിട്ടാനുണ്ടെന്നും KMSCL മായി ബന്ധപ്പെട്ടപ്പോൾ സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് അവ വിതരണം ചെയ്യുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി വർഷം കഴിഞ്ഞിട്ടും ആരോഗ്യ പരിപാലനത്തിനുള്ള മരുന്നുകൾ ലഭിക്കാതിരിക്കുന്നത് പദ്ധതി നടത്തിപ്പിന് തടസ്സമാണ്. ഇത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഷീപ്പാഡ് പദ്ധതി - പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ S0 100/2017

അടങ്കൽ 46200

ചെലവ് 23000

ബിൽ നമ്പർ 4/ തിയ്യതി 31.3.2017

പടിയൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള സ്കൂളിൽ ഷീപാഡ് പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ. (സാധാ) നം.280/2016 തസ്വഭവ തീ.25.1.2016 പ്രകാരം പ്രോജക്ട് തുകയുടെ 50% 23000

രൂപ 31.1.2017 ന് കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിന് നല്കിയിരുന്നു. 9.5.2017 ന് കൈപറ്റ് രശീത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പുമായി തുടർപ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി താഴെ ചേർക്കുന്നു.

“പടിയൂർ ഗ്രാമപഞ്ചായത്ത് 2016-17 ഷീപാഡ് പദ്ധതിയിൽ 46200 രൂപ വകയിരുത്തിയതിൽ 23000 രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് കൈമാറിയിട്ടുള്ളതാണ്. ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി പൂർത്തികരിക്കാൻ സാധിക്കാതെ വന്നതിനാൽ സ്പിൽ ഓവർ ആക്കേണ്ടതായി വന്നിട്ടുണ്ട്. സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി 2017 ഒക്ടോബർ നവംബർ മാസങ്ങളിൽ പൂർത്തീകരിക്കും എന്ന് വനിത വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്”.
പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം-മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായപദ്ധതി പ്രകാരം 2016-17 ൽ താഴെ പറയുന്ന തുക വകയിരുത്തി

വികസന ഫണ്ട് -250000/-

ബ്ലോക്ക് വിഹിതം -75000/-

ജില്ലാ പഞ്ചായത്ത് വിഹിതം -125000/-

ആകെ -450000/-

മേൽ പ്രോജക്ടിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 11000 രൂപയും ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഇതിന് ആനുപാതികമായ തുക മാത്രമാണ് പരമാവധി നൽകിയിട്ടുള്ളത്. 2016-17 വർഷത്തിൽ 47 കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. അതിൽ 27 കുട്ടികളും മാനസികവൈകല്യമുള്ള കുട്ടികളാണ്. ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ തീയതി 11.1.2016 പ്രകാരം ഇവർക്ക് താഴെ പറയുന്ന നിരക്കിലുള്ള തുക ലഭ്യമാക്കേണ്ടതുമാണ്.

| | |
|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| വസ്ത്രബത്ത (വാർഷികം) | 800 |
| പഠനസഹായികൾക്ക് | 1400 |
| യാത്രാബത്ത (പ്രതിമാസം) | 400 |
| ഉല്ലാസയാത്ര പഠനപര്യടനം | 1000 |

തുടർ വർഷങ്ങളിൽ ഇവർക്ക് മുഴുവൻ സ്കോളർഷിപ്പും നൽകുന്നതിനുള്ള തുക

വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 പഞ്ചായത്തിന് വിട്ടുകിട്ടുന്ന ആസ്തികൾ പരാതിക്കിടയില്ലാത്തവിധം ഏറ്റെടുത്ത് സംരക്ഷിക്കുന്നില്ല

പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള ആസ്തികൾ സംബന്ധിച്ച് താഴെ പറയുന്ന കോടതികേസുകൾ നിലനിൽക്കുന്നുണ്ട്.

അണക്കത്തിപറമ്പിൽ നാരായണൻ ഭാര്യ കോമളം, പഞ്ചായത്തിന് എതിരായി നൽകിയ കേസിൽ (OS 4391/14 ) പഞ്ചായത്ത് ടി വ്യക്തിയുടെ സ്ഥലം (സർവ്വേ നം 247/8)റോഡിനായി കൈയ്യേറിയതായി ആരോപിച്ചിരിക്കുന്നു. കേസ് ഫയലിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് അഞ്ചാം വാർഡിലെ ശിവകുമാരേശ്വരം റോഡും പാപ്പാത്തുമുറി മനക്കലപ്പടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന കക്കഴസൗത്ത് വെസ്റ്റ് റോഡാണ് കേസിലെ വിഷയം. പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഇത് കക്കഴവെസ്റ്റ് റോഡാണ്. പ്രസ്തുത റോഡ് പലപേരിൽ അറിയപ്പെടുന്നുണ്ടെന്ന് ഫയലിൽകാണുന്നു.

മറ്റൊരു കേസിൽ (OS 4125/14) പുളിപ്പറമ്പിൽ ഷംസുദ്ദീൻ, ഭാര്യ ഖദീജ എന്നിവർ അംഗൻവാടി നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുകൊടുത്ത 2 സെന്റ് സ്ഥലത്തിനു പകരം ഇവരുടെ തന്നെ മറ്റൊരു സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണി നടത്തി എന്ന് ആരോപിച്ചുകാണുന്നു. പഞ്ചായത്ത് പൊതുപണം ചെലവഴിച്ച് ഇവിടെ 85-ാം നമ്പർ അംഗൻവാടി പണികഴിപ്പിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ രണ്ടുസ്ഥലങ്ങളും പഞ്ചായത്തിന് വിട്ടുകിട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കു ലഭിച്ചിട്ടില്ല. മേൽപറഞ്ഞ കേസുകളുടെ അന്തിമവിധിയാകുന്നമുറക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന് വിവിധആവശ്യങ്ങൾക്കായി സറണ്ടർ ചെയ്ത് ലഭിക്കുന്ന സ്ഥലങ്ങൾ കൃത്യമായ രേഖകളോടെ, ഭാവിയിൽ സംശയത്തിനിടയില്ലാത്തവിധം വ്യക്തതയോടെ ആസ്തിരജിസ്റ്ററിൽ ചേർത്ത്, പഞ്ചായത്ത് ആസ്തിയിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്തപക്ഷം ഇത് അനാവശ്യമായ കോടതിവ്യവഹാരങ്ങൾക്ക് കാരണമാകുന്നതാണ്.

# 3-13 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

അടങ്കൽ - ₹2,75,000

ട്രഷറി ബിൽ 35/16-17 തീ.31.03.17 ₹34,163

ട്രഷറി ബിൽ 20/16-17 തീ.28.02.17 ₹60,714

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തിക്കായി 94,877 രൂപ ചെലവഴിച്ചിട്ടുണ്ട്. 07.09.16-ലെ ടെണ്ടർ പരസ്യം സി-1/16 പ്രകാരം ടെണ്ടറുകൾ ക്ഷണിച്ചതിൽ നിന്നും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വി.എം അഷ്റഫിന്റെ ടെണ്ടർ 30.09.16-ലെ 9-ാം നം.തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു;

1)08.09.2016-ൽ ദിനപത്രത്തിൽ (ജനയുഗം) വന്ന ടെണ്ടർ പരസ്യപ്രകാരം (നോട്ടീസ് നം.സി-1/16 തീ.07.09.16) അടങ്കൽ തുക ₹2,50,000ആണ്. എന്നാൽ 05.08.16-ലെ 1ാം നം. തീരുമാനപ്രകാരമുള്ള ഭരണാനുമതി പ്രകാരം അടങ്കൽതുക ₹2,75,000 ആണ്.

2)കരാറുകാരനായ ശ്രീ അഷ്റഫുമായി 30.09.16-ന് സെക്രട്ടറി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാർ എഴുതിയിരിക്കുന്നത് 3 മാസങ്ങൾക്കുശേഷം 28.12.16-ന് വാങ്ങിയ മുദ്രപത്രത്തിലാണ്.

3)കരാർപ്രകാരം 6 വിവിധ ഇനം പ്രവൃത്തികൾക്കുള്ള നിരക്കുകളാണുള്ളത്. അതിൽ 2,3 എന്നിവ താഴെ ചേർക്കുന്നു;

എ)replacing CFL/ordinary bulb - ₹14

ബി)Replacing holder, fused bulb/CFL, changing wires, giving connection etc., of street light including conveyance of all materials - ₹44

കരാറുകാരൻ നൽകിയ ബില്ലുകൾ പ്രകാരം CFL-മായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികൾക്കും 44-രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽനിന്നും, പഞ്ചായത്ത് അംഗങ്ങൾ നൽകുന്ന സാക്ഷ്യപത്രത്തിൽ എന്ത് തരം പ്രവൃത്തിയാണ് കരാറുകാരൻ ചെയ്തിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തുന്നില്ല. ഫലത്തിൽ കരാറുകാരന് നൽകിയിരിക്കുന്നത് അർഹതയുള്ള പ്രതിഫലമാണോ എന്നുള്ള പരിശോധന അസാധ്യമായിരിക്കുകയാണ്.

4)പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധനക്കായി നൽകിയ ഫയലിൽ കരാറുകാരൻ താഴെപറയുന്ന തെരുവുവിളക്ക് സാമഗ്രികൾ പഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടതായി കാണുന്നു;

| | | |
|---|---|---|
| 30.12.16 | 4 Pin CFL | 100 |
| 19.01.17 | 4 Pin CFL | 50 |
| 15.02.17 | 4 Pin CFL | 100 |
| " | 20 w CFL | 46 |
| " | wire | 2 roll |
| " | CFL Holder | 40 |

എന്നാൽ തെരുവ് വിളക്ക് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും കരാറുകാരൻ ആവശ്യപ്പെട്ട തീയ്യതിയിലോ അളവിലോ അല്ലാതെ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചുരുക്കത്തിൽ പഞ്ചായത്തിലെ തെരുവുവിളക്ക് സംബന്ധിയായ ഫയലുകളും മറ്റ് രേഖകളും ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവു വന്ന ₹94,877 തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 125000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000/- | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 787500/- | റിംഗ് കമ്പോസ്റ്റ് | 367500/- | 420000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 400000 | സമഗ്രനെൽകൃഷി വികസനം | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 60000 | സമഗ്രപച്ചക്കറി വികസനം | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 86843 | അംഗൻവാടി പോഷകാഹാരം | 86843 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | പാലിന് സബ്സിഡി | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഇറിഗേഷൻ | കുത്തുമാക്കൽ ഷട്ടർ തടയിണ നിർമ്മാണം | 79/3-2017 | 306000 | | |
| 2 | കെ എസ് ഇ ബി | തെരുവ് വിളക്ക സ്ഥാപിക്കൽ | 78/3-2017 | 1299982 | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | കെ.എസ്.ഇ.ബി | വിവിധറോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 169,170/3-2017 | 130800 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.975/2010 /ത.സ്വ.ഭ.വ. തി. 22.03.10 | 10711500 | 1702400 | 600000 | 1102400 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4560/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-2 | 2810 | രതീഷ്.എം.എസ്, ഡ്രൈവർ, പടിയൂർ | 11605101450/06.08.2016 |
| 2012-13 | 3-2 | 1750 | രതീഷ്.എം.എസ്, ഡ്രൈവർ, പടിയൂർ | 11605101450/06.08.2016 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.6 | 2006-07 | 3.53.4(7) | നിക്ഷേപജോലികൾ പണി പൂർത്തിയാക്കിയിട്ടില്ല. | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33170001 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33049229 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3519641 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 116490 | ഇ.ജെ ഫോർബി, സെക്രട്ടറി |
| 3-2 | 2544009 | ഇ.ജെ ഫോർബി, സെക്രട്ടറി |
| 3-3 | 151679 | ഇ.ജെ ഫോർബി, സെക്രട്ടറി |
| 3-4 | 512586 | സന്തോഷ് കുമാർ എം.ജി, അസി. സെക്രട്ടറി |
| 3-7 | 100000 | ഡോ.രജിത കെ.ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-13 | 94877 | ഇ.ജെ ഫോർബി, സെക്രട്ടറി |
| ആകെ | 3519641 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-7 | 12-292/12/ 12.9.97 |
| 1977-78 | " |
| 1978-79 | " |
| 1982-83 | 12/292/ 19.2.97 |
| 1983-84 | 264/11(1)/18.5.11 |
| 1984-85 | “ |
| 1985-86 | “ |
| 1986-87& 87-88 | 292/ 19.2.97 |
| 88-89 & 89-90 | 264/11(1)/ 19.5.11 |
| 90-91 | 292/ 19.2.97 |
| 92-93 & 93-94 | 12-1624/95/23.7.96 |
| 94-95 & 95-96 | 12-1929/97/7.3.97 |
| 96-97 | 12-1456/96/3.11.98 |
| 97-98 | 12-475/99/29.5.99 |
| 98-99 | 12-54/2000/12.6.2000 |
| 99-2000 | 12-1703/2000/6.2.2001 |
| 2000-01&01-02 | 12-1780/03/26.2.04 |
| 2002-03 | 12-1916/09/13.7.2006 |
| 2003-04 | 9-1863/05/13.7.2006 |

| | |
|---|---|
| 2004-05 | 9-373/09/8.7.10/16.8.10 |
| 2005-06 | 9-1980/09/22.9.10 |
| 2006-07 | 9-1983/09/22.9.10 |
| 2007-08 – 2010-2011 | 1-1660/2012/8.2.13/1.6.13 |
| 2011-12 | 1-1431/13/9.1.14 |
| 2012-13 | 1-1269/14/12.12.14/12.3.15 |
| 2013-14 | കെ.എസ്.എ.ടി. എസ്. ആർ. (പി1)233/16 തി.17.02.16.. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)982/16 തി.14.06.16.. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)2128/16 തി.25.1.2017 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി1)1725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 30.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P1)1725/2017

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 30.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of padiyur Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Padiyur Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.